**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4006

21/10/2016 - ൽ മറുപടിക്ക്.

**ആറ്റുകാൽ ടൗൺഷിപ്പ്**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. ഒ. രാജഗോപാൽ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) ഈ വർഷത്തെ ബഡ്ജറ്റിൽ ആറ്റുകാൽ ടൗൺഷിപ്പിന് വകയിരുത്തിയിട്ടുള്ള തുക എത്ര എന്ന് വ്യക്തമാക്കാമോ; | (എ) ആറ്റുകാൽ വികസന പദ്ധതിക്കുള്ള ധനസഹായമായി 2016-17 വർഷത്തെ ബജറ്റിൽ "2217-01-800-95-(പദ്ധതി)" എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ 2016-17 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും ആറ്റുകാൽ മാസ്റ്റർ പ്ലാനിലെ അടിസ്ഥാന സൗകര്യ വികസനത്തിന് 100 കോടി രൂപ നീക്കിവയ്ക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) ടൗൺഷിപ്പിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുകയുണ്ടായോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (ബി) കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. സിഡ്കോയെ ആറ്റുകാൽ വികസന പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്നു. സിഡ്കോ ഫൈനൽ കരട് മാസ്റ്റർ പ്ലാൻ സമർപ്പിച്ചിട്ടുണ്ട്. |
| (സി) മണക്കാട്-ചിറമുക്ക്, മണക്കാട്-കൊഞ്ചിറവിള, ചിറമുക്ക്-അമ്പലത്തറ റോഡ് വൈഡെനിങ്ങിന് ട്രിഡ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായോ; അതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതു വരെയായി; | (സി) ട്രിഡ ഭരണാനുമതിയ്ക്കായി സമർപ്പിച്ച ഡി.പി.ആർ, സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) ആറ്റുകാൽ ടൗൺഷിപ്പിന് ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വെറും പ്രഖ്യാപനം മാത്രമായി മാറാതിരിക്കുന്നതിന് ട്രിഡ സമർപ്പിച്ച മേൽപ്പറഞ്ഞ റോഡ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട വർക്കിന് പ്രസ്തുത ബഡ്ജറ്റ് തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ